**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 549** **27/02/2018-ൽ മറുപടിയ്ക്ക്**

## സഹകരണ റിസ്ക് ഫണ്ട് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ഇപ്പോൾ കാലതാമസം നേരിടുന്നുണ്ടോ;<br>(ബി) തീർപ്പാക്കുന്നതിനായി ഇനി ബാക്കി നിൽക്കുന്ന അപേക്ഷകൾ എത്രയാണ്;<br>(സി) അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ഇപ്പോഴത്തെ ഭരണസമിതി വരുന്നതിന് മുമ്പുണ്ടായിരുന്ന 13000 അപേക്ഷകളും ഓരോ മാസവും ലഭിച്ചുകൊണ്ടിരിക്കുന്ന അപേക്ഷകളും അടക്കം ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് തീരുമാനം എടുത്തശേഷം മേഖലാടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ധനസഹായം നൽകിവരുന്നു. 2016 സെപ്തംബർ 6 മുതൽ 2018 ജനവരി വരെ 9525 ഗുണഭോക്താക്കൾക്കായി 75,44,50,188/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.<br><br>റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളിൽ ഇനി തീർപ്പാക്കാൻ 10,319 അപേക്ഷകൾ ബാക്കി നിൽപ്പുണ്ട്. ലഭിക്കുന്ന അപേക്ഷകൾ പലതും മാനദണ്ഡങ്ങൾ പ്രകാരം അംഗീകരിക്കാവുന്നതല്ല. തൻമൂലം വിശദമായി പരിശോധിക്കേണ്ടി വരുന്നതിനാലാണ് കാലതാമസം ഉണ്ടാകുന്നത്. |
| (ഡി) വായ്പക്കാരൻ മരണപ്പെട്ടാൽ ആ വിവരം ആശ്രിതർ ബാങ്കിൽ അറിയിച്ച് രണ്ട് മാസത്തിനുള്ളിൽ ആനുകൂല്യം നൽകാനാണ് തീരുമാനിച്ചതെങ്കിലും ഇപ്രകാരം കാലതാമസം വരുന്നതിനാൽ പലിശയിനത്തിൽ വരുന്ന വർദ്ധനവ് ആശ്രിതർക്ക് താങ്ങാനാകാതെ വരുമെന്നുള്ളതിനാൽ സഹകരണ റിസ്ക് ഫണ്ട് സമയബന്ധിതമായി വിതരണം ചെയ്യാൻ വേണ്ട ഉത്തരവ് നൽകുമോ? | (ഡി) | റിസ്ക് ഫണ്ട് ആനുകൂല്യം കാലതാമസം കൂടാതെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്ക് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള അർഹതയുള്ള അപേക്ഷകൾ മാത്രം ബോർഡിലേയ്ക്ക് ലഭ്യമാക്കിയാൽ മതിയെന്ന് എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ